# “ഏഴു എഴുപതു വട്ടം”

## (മത്തായി 18:21-35)

> സൗത്ത് സീ ഐലന്റുകളിൽ ഒന്നായ ഹുവാഹൈനിലെ രാജാവായിരുന്ന ടമാറ്റോ 1818–ൽ ക്രിസ്ത്യാനിയായിത്തീർന്നു. അതിനുശേഷം പെട്ടെന്നു തന്റെ സഹപൗരന്മാർ അവനെയും ക്രിസ്ത്യാനിത്വത്തിലേയ്ക്കു പരിവർത്തനം ചെയ്യപ്പെട്ട മറ്റുള്ളവരേയും പിടിച്ചു ജീവനോടെ ചുട്ടു കൊല്ലുവാൻ അധർമ്മമായ ദുരാലോചന നടന്നതായി കണ്ടെത്തി.
>
> തന്നെ സഹായിക്കുന്ന ഒരു സൈന്യത്തെ ടമാറ്റോ സംഘ ടിപ്പിച്ച്, പതിയിരുന്നു ആക്രമിക്കുവാൻ ദുരാലോചന നടത്തുന്ന വരെ ആക്രമിക്കാതെ, അവർ അറിയാതെ, അവരെ പിടിച്ചുകൊണ്ടു വരാൻ ഏർപ്പാടാക്കി. പിന്നെ രാജാവു തന്റെ വിരുന്നു മേശയിൽ അവർക്കു വിരുന്നൊരുക്കി. അതു പാപക്ഷമാപണത്തിന്റെയും ക്രിസ്തുവിന്റെ പാപമേചനത്തിന്റെയും അർത്ഥ സൂചനയായിരുന്നു.
>
> ടമാറ്റോയുടെ ഈ അപ്രതീക്ഷിത ദയവു സ്വന്തസ്ഥലത്തെ പ്രാകൃത മനുഷ്യർക്കു വിസ്മയമായിതീർന്നു. അങ്ങനെ അവരും തങ്ങളുടെ വിഗ്രഹങ്ങ ളെ വിട്ടു ക്രിസ്ത്യാനികളായി തീർന്നു. പാപമോചനത്തിന്റെ ശക്തി ഭയാവഹം തന്നെയാണ്.[1]

പാപക്ഷമാപണം എന്നതു ശക്തിയുള്ളതാണ്. തന്റെ ജനത്തിനു വേണ്ടിയുള്ള പരിപാടികളിൽ പരമപ്രധാന ഭാഗമാണ് ക്ഷമിക്കുന്ന ഹൃദയം ഉണ്ടാകുക എന്നത്. മത്തായി 18–ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ദാക്ഷിണ്യമില്ലാത്ത ദാസന്റെ ഉപമയിൽ അതു വ്യക്തമാക്കിയിട്ടുണ്ട്.

### പാപ ക്ഷമാപണം പഠിപ്പിച്ചിട്ടുണ്ട്
### (മത്തായി 18:21, 22)

ഒരിക്കൽ പത്രോസ് യേശുവിന്റെ അടുക്കൽ വന്നു അവനോടു

ചോദിച്ചു, "കർത്താവേ എന്റെ സഹോദരൻ എന്നോടു എത്രവട്ടം പിഴച്ചാൽ ഞാൻ ക്ഷമിക്കണം? ഏഴുവട്ടം മതിയോ?" (വാക്യം 21). എന്തുകൊണ്ടാണ് പത്രൊസ് "ഏഴ്" എന്ന സംഖ്യ ഉപയോഗിച്ചത് എന്നു നമുക്കറി ഞ്ഞുകൂടാ.[2] മൂന്നു പ്രാവശ്യം ക്ഷമിക്കണമെന്നാണ് റബ്ബിമാർ പഠിപ്പിച്ചിരുന്നത്. അവരുടെ സംഖ്യയെ കുറച്ചു കൂടെ ഉയർത്തുവാൻ പത്രൊസ് ആഗ്രഹിച്ചതാകാം - ഒരുപക്ഷേ ഏഴ് എന്ന സംഖ്യ എല്ലായ്പ്പോഴും പൂർണ്ണതയെ സൂചിപ്പിക്കുന്നതു കൊണ്ടാകാം. പാപക്ഷമാപണത്തെക്കുറിച്ചു യേശു പഠിപ്പിച്ചപ്പോൾ ഏഴു എന്ന സംഖ്യ ഉപയോഗിച്ചിട്ടുണ്ടാകാം. ''ദിവസത്തിൽ ഏഴു വട്ടം നിന്നോടു പിഴയ്ക്കയും, ഏഴു വട്ടം നിന്റെ അടുക്കൽ വന്നു; 'മാനസാന്തരപ്പെടുന്നു' എന്നു പറയുകയും ചെയ്താൽ അവനോടു ക്ഷമിക്ക" (ലൂക്കോസ് 17:4).

യേശു അവനോടു "ഏഴു വട്ടമല്ല, ഏഴു എഴുപതു വട്ടം എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു'' (വാക്യം 22). പാപക്ഷമാപണത്തെക്കുറിച്ചു അധികമായ സംഖ്യ നൽകുന്നതി ലൂടെ യേശു പ്രധാനപ്പെട്ട രണ്ടു പാഠങ്ങൾ പഠിപ്പിക്കുന്നു: ഒന്ന് നാം പാപം ക്ഷമിക്കുന്നവരായി തീരേണ്ടത് ആവശ്യമാണ്.[3] 490 പ്രാവശ്യം നാം ഒരാളോടു പാപം ക്ഷമിക്കുമ്പോഴേയ്ക്കും നമുക്കതു സുപരിചിതമാകും! നമ്മെ വൃണപ്പെടുത്തിയവരുമായി നിരപ്പിലെത്താൻ ശ്രമിക്കുക എന്ന ആശയം - എപ്പോഴെല്ലാം നാം ക്ഷമിച്ചിരിക്കുന്നു - എന്നതു അസംബന്ധമാണ്. നമ്മൾ ഓരോ പ്രാവശ്യവും ക്ഷമിച്ചതൊരു ബുക്കിൽ അടയാളപ്പെടുത്തി ''ഇതു ഞാൻ അയാളോടു പതിനഞ്ചാമത്തെ പ്രാവശ്യമാണ് ക്ഷമിക്കുന്നതെന്നു പറയുന്നതു എത്ര വിഢ്ഢിത്തമാണ്! ഇനി 475 പ്രാവശ്യമേ അവശേഷിക്കുന്നുളളൂ അതിനു ശേഷം ക്ഷമിക്കേണ്ട ആവശ്യമില്ല." സ്നേഹം "വിദ്വേഷത്തെ കണക്കിടുന്നില്ല" (1 കൊരിന്ത്യർ 13:5 എൻ.എ.വി).

യേശു പത്രൊസിനോടു പറഞ്ഞതു ഒറ്റപ്പെട്ട ഉപദേശമായി രുന്നില്ല. തന്റെ സഭയ്ക്കു വേണ്ടിയുളള യേശുവിന്റെ പദ്ധതിയിലെ മർമ്മ പ്രധാന ഭാഗമാണ് പാപക്ഷമാപണം,

> ''നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ നിങ്ങ ളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും."
> "നിങ്ങൾ മനുഷ്യരോടു ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കയില്ല" (മത്തായി 6:14, 15).

> "വിധിക്കരുത് എന്നാൽ നിങ്ങളെയും വിധിക്കയില്ല, ശിക്ഷയ്ക്കു വിധിക്കരുത് എന്നാൽ നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകയില്ല, വിടുവിൻ എന്നാൽ നിങ്ങളെയും വിടുവിക്കും" (ലൂക്കോസ് 6:37).

## പാപക്ഷമ ചിത്രീകരിച്ചിരിക്കുന്നു
### (മത്തായി 18:23-35)

"ഏഴു എഴുപതുവട്ടം ക്ഷമിക്കുവാൻ യേശു പത്രോസിനോടു പറഞ്ഞശേഷം താൻ ഉപദേശിച്ചതു ഊന്നി പറയുവാനായി കരുണ യില്ലാത്ത ഒരു ദാസന്റെ ഉപമ പഠിപ്പിച്ചുകൊണ്ടു സൂചിപ്പിക്കുന്നു:"

> സ്വർഗ്ഗരാജ്യം തന്റെ ദാസന്മാരുമായി കണക്കുതീർപ്പാൻ ഭാവിക്കുന്ന ഒരു രാജാവിനോടു സദൃശം, അവൻ കണക്കു നോക്കി തുടങ്ങിയപ്പോൾ പതിനായിരം താലന്തുകടപ്പെട്ട ഒരുത്തനെ അവന്റെ അടുക്കൽ കൊണ്ടുവന്നു (മത്തായി 18:23, 24).

ഈ രംഗം മനസ്സിൽ ചിത്രമായി വെക്കുക: രാജാവ് ഒരു പക്ഷേ ദീർഘയാത്ര കഴിഞ്ഞു വരികയാവാം. അവൻ തന്റെ ദാസന്മാ രെയും അടിമകളേയും വിളിച്ചു. ഓരോരുത്തരും സിംഹാസനത്തിനു മുൻപിൽ വന്നു തങ്ങളുടെ വിചാരണയിലുള്ള കണക്കുകൊടുത്തു. ഒടുവിൽ രാജാവിന്റെ വിശ്വാസം ആർജ്ജിച്ചനുഭവിച്ച ഒരടിമ കടന്നു വരുന്നു. യജമാനന്റെ വളരെയധികം പണം അവനെ ഭരമേൽപ്പിച്ചി രുന്നു. ആദ്യം ആ വിചാരകൻ പുഞ്ചിരിയോടെ നിന്നു. അവന്റെ കണക്കു പുസ്തകം തുറന്നപ്പോൾ അവന്റെ ധൈര്യം പോയി നിരാശനായി കാണപ്പെട്ടു. കാരണം തന്റെ യജമാനന്റെ പതിനായിരം താലന്തു വ്യാജമായി അവൻ കൈപ്പറ്റിയിരിക്കുന്നു!

"പതിനായിരം താലന്തിന്റെ" വില കൃത്യമായി നമുക്കു പറയാൻ സാദ്ധ്യമല്ല. ഒരു "താലന്ത്" എന്നാൽ ഒരു ചെറിയ നാണയം എന്നല്ല. മറിച്ച് ഒരു പ്രത്യേക തൂക്കം വരുന്ന വിലയുള്ള ലോഹമാണ്. പലദേ ശത്തും വ്യത്യസ്തമായിരിക്കും (അതുപോലെ ലോഹത്തിന്റെ വിലയും ഓരോ പ്രദേശത്തും വ്യത്യസ്തമായിരിക്കും).[4] പതിനായിരം താലന്തിന്റെ വില കണക്കാക്കുന്നതിൽ അധികാരികൾ തമ്മിൽ വ്യത്യസ്തത പുലർത്തിയിരുന്നു. ചുരുക്കിപ്പറഞ്ഞാൽ അതൊരു ജ്യോതിശാസ്ത്രപരമായ സംഖ്യയാണെന്നു പറയാം. നമ്മുടെ ഉദ്ദേ ശത്തിനായി നമുക്ക് ഒരു സംഖ്യ $10,000,000 എന്നാക്കാം. ഇന്നത്തെ നിലവാരം അനുസരിച്ച് അതുകുറഞ്ഞ വിലയേ ആകുന്നുള്ളൂ.[5] വിശദവിവരങ്ങളിൽ നാം കുടുങ്ങിപ്പോകരുത് (എങ്ങനെ ഒരടിമ ഇത്രയും വലിയൊരു സംഖ്യ കടപ്പെടും എന്നൊക്കെ). ഒരു മനുഷ്യനു കൊടുത്തുതീർക്കാൻ പറ്റാത്ത സംഖ്യ കടമുണ്ടായി രുന്നു എന്നതാണ് യേശുവിന്റെ പോയിന്റ്.

25-ാം വാക്യം സൂചിപ്പിക്കുന്നതു പതിനായിരം താലന്തു വീട്ടുവാൻ "വകയില്ലായിരുന്നു" എന്നാണ്. ഒരുപക്ഷേ അവൻ അതു ചൂതുകളിച്ച് കളഞ്ഞിരിക്കാം. അല്ലെങ്കിൽ എങ്ങനെയെങ്കിലും നഷ്ടപ്പെട്ടിരിക്കാം.

എന്തായാലും അതെല്ലാം പോയി. യജമാനനു കൊടുത്തുതീർപ്പാൻ വഴിയുമില്ല. രാജാവു ആ സാഹചര്യം മനസിലാക്കിയപ്പോൾ "അവനെയും ഭാര്യയേയും മക്കളേയും അവനുള്ള തൊക്കെയും വിറ്റു കടം തീർക്കാൻ കല്പിച്ചു" (വാക്യം 25). ഇതു പൊതുവായ ഒരു പരിശീലനമായിരുന്നു. കൊടുത്തു തീർക്കാൻ വകയില്ലാതിരുന്നതുകൊണ്ടു ആ ദാസനും അവന്റെ കുടുംബം മുഴുവനും ആയുഷ്കാലം തടവിലാകണം.

ഭരണാധികാരി ശിക്ഷ വിധിച്ചപ്പോൾ അടിമ വീണു ഞരങ്ങി യജമാനന്റെ മുമ്പിൽ യാചിച്ചു: ''യജമാനനേ എന്നോടു ക്ഷമ തോന്നേണമേ, ഞാൻ സകലവും തന്നു തീർക്കാം എന്നു പറഞ്ഞു" (വാക്യം 26). ഇതു ഒരു വിഢ്ഢിത്ത പ്രസ്താവനയാണ്. കാരണം അവനു ഇതൊരിക്കലും യജമാനനു കൊടുത്തു തീർപ്പാൻ കഴിയില്ല. പക്ഷെ ആ മനുഷ്യനു മറ്റു നിർവ്വാഹമില്ലായിരുന്നു!

യേശു പാപക്ഷമാപണത്തിനു നല്ലൊരുദാഹരണവും നൽകുന്നു, "അപ്പോൾ ആ ദാസന്റെ യജമാനൻ മനസ്സലിഞ്ഞു അവനെ വിട്ടയച്ചു കടവും ഇളെച്ചു കൊടുത്തു" (വാക്യം 27).

തന്റെ കഥ യേശു അവിടെ അവസാനിപ്പിക്കുന്നില്ല. "ആ ദാസൻ പോകുമ്പോൾ തനിക്കു നൂറു വെള്ളിക്കാശു കടപ്പെട്ട ഒരു കൂട്ടുദാസനെ കണ്ടു" (വാക്യം 28). $10,000,000 കടം ക്ഷമിച്ചു കിട്ടിയ ആൾ പോയി ആഘോഷിക്കാമെന്നു കരുതിയിരിക്കാം. അതിനു തന്റെ കയ്യിൽ പണമില്ലാതിരുന്നതുകൊണ്ടു തനിക്കു നൂറു വെള്ളിക്കാശു കടപ്പെട്ട കൂട്ടുദാസനെ കാണാമെന്നു വിചാരിച്ചു.

ഒരു വെള്ളിക്കാശ് എന്നു പറയുന്നതു ഒരു സാധാരണ ജോലിക്കാരന്റെ ഒരു ദിവസത്തെ വേതനമാണ്. നൂറു വെള്ളിക്കാശ് കടം എന്നുപറയുമ്പോൾ അതിന്റെ ഡോളർ സംഖ്യ തെളി വില്ലാത്തതു കൊണ്ട് കൃത്യമായി പറയാൻ സാദ്ധ്യമല്ല. അക്കാലത്തു ജോലി ചെയ്യുന്നവർ പട്ടിണി മാറ്റാൻ ജോലി ചെയ്യുന്നവരാണ്. ജോലിക്കാരുടെ സംരക്ഷണത്തിനായി ''കുറഞ്ഞവേതനനിയമം'' എന്ന തു അന്നില്ലായിരുന്നു. നമ്മുടെ ഉദ്ദേശത്തിനുവേണ്ടി നമുക്കു $18 എന്നു കണക്കാക്കാം. കൃത്യമായ തുക പ്രധാ ന്യമർഹി ക്കുന്നതല്ല. ആദ്യത്തെ ആൾക്കു ക്ഷമിച്ചു കിട്ടിയ സംഖ്യയുമായി താര തമ്യം ചെയ്താൽ ഈ സംഖ്യ തുച്ഛമായതാണെന്നതാണ് വസ്തുത.

$10,000,000 ക്ഷമിച്ചു കിട്ടിയവൻ അവസാനം തനിക്കു നിസാര തുക കടപ്പെട്ട അടിമയെ കണ്ടുമുട്ടി. "അപ്പോൾ തടഞ്ഞുനിർത്തി ശ്വാസം മുട്ടിച്ചുകൊണ്ട്, നിന്റെ കടം തീർക്കുക എന്നു പറഞ്ഞു" (വാക്യം 28) അവന്റെ അലർച്ച എനിക്കു കേൾക്കാൻ കഴിയും. "എന്റെ $18 തരിക" എന്നു പറഞ്ഞു ആ മനുഷ്യന്റെ കഴുത്ത് ഞെക്കിക്കാണും!

ഉടനെ അവന്റെ കൂട്ടുദാസൻ താഴെ വീണു (ആദ്യത്തെ

മനുഷ്യനും രാജാവിന്റെ കാൽക്കൽ വീണു) "അവന്റെ കൂട്ടു ദാസൻ, എന്നോടു ക്ഷമ തോന്നേണമേ; ഞാൻ തന്നു തീർക്കാം എന്നു അവനോടു അപേക്ഷിച്ചു" (വാക്യം 29). ഇതേ വാക്കുത ന്നെയാണ് ആദ്യത്തെ ദാസനും ഉപയോഗിച്ചത്. കനിവിനുവേണ്ടി അവൻ രാജാവിനോടു അപേക്ഷിച്ചു. ആ വാക്കുകൾ അവന്റെ ഓർമ്മയെ തിരിച്ചു നിയന്ത്രണത്തിലാക്കുന്നതിനും മനസാക്ഷിയെ ഉണർത്തുന്നതിനും വേണ്ടിയായിരുന്നു. പക്ഷേ അതുണ്ടായില്ല. $10,000,000 ക്ഷമിച്ചുകിട്ടിയവൻ തനിക്കു തരാനുള്ള 100 വെള്ളിക്കാശു ക്ഷമിച്ചു കളഞ്ഞില്ല. അവന്റെ കയ്യിൽ $18! കിട്ടാത്തതുകൊണ്ട് അവൻ കുപിതനായി. അവന്നു ആഘോഷമില്ല!

എന്നാൽ "അവൻ മനസ്സില്ലാതെ ഉടനെ ചെന്നു കടം വീട്ടുവോളം (അവനെ) തടവിലാക്കിച്ചു" (വാക്യം 30).[6] തടവിലാക്കുമ്പോൾ അവന് ഒരു പൈസ പോലും സമ്പാദിക്കാൻ കഴിയാത്തതു കൊണ്ട് ക്ഷമിക്കാത്ത ദാസൻ അവനെ കുറച്ചുഡോളറിനു വേണ്ടി ജീവ പര്യന്തം തടവിലാക്കി!

> യജമാനൻ അവനെ വിളിച്ചു, "ദുഷ്ടദാസനേ, നീ എന്നോട് അപേക്ഷിക്കയിൽ ഞാൻ ആ കടം ഒക്കെയും ഇളച്ചുതന്നുവല്ലോ. എനിക്കു നിന്നോട് കരുണ തോന്നിയതുപോലെനിനക്കും കൂട്ടു ദാസനോട് കരുണ തോന്നേണ്ടതല്ലയോ ?എന്നുപറഞ്ഞു. അങ്ങനെ യജമാനൻ കോപിച്ചു, അവൻ കടം ഒക്കെയും തീർക്കുവോളം അവനെ ദണ്ഡിപ്പിക്കുന്നവരുടെ കയ്യിലേൽപ്പിച്ചു" (വാക്യം 32–34).

അവൻ വീണ്ടും യജമാനനോട് യാചിച്ചിരിക്കും എന്നതിൽ യാതൊരു സംശയവുമില്ല. പക്ഷേ ഇത്തവണ ഫലം കണ്ടില്ല. അവൻ നീതിക്കായി അപേക്ഷിച്ചു. അവനു നീതി കൊടുത്തു. കടക്കാരെ ചിലപ്പോൾ ദണ്ഡനത്തിന് ഏൽപ്പിക്കാറുണ്ട്.[7] ദണ്ഡനക്കാർ ഇവരുടെ കൈവശം അംഗീകരിക്കപ്പെടാത്ത എന്തെങ്കിലും പണത്തിന്റെ ഉറവിടം – ഉണ്ടെങ്കിൽ അത് വെളിപ്പെടുത്തുവാനായി പറയാൻ പറ്റാത്ത രീതിയിൽ ദണ്ഡിപ്പിക്കും. ഈ മനുഷ്യനു ഒരു വകയും ഇല്ലാതിരുന്നതുകൊണ്ട് ആ മനുഷ്യനെ *എന്നേക്കും* – ദണ്ഡിപ്പിച്ചിരിക്കും എന്നു വിവക്ഷ. ഒരുപക്ഷേ അതു നിത്യശിക്ഷാ വിധിയെ സൂചിപ്പിക്കുന്നതാകാം.

ഗൗരവമേറിയ ഈ വാക്കുകളാൽ യേശു ഉപസംഹരിക്ക യാണ്. "നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങനെ തന്നെ നിങ്ങളോടും ചെയ്യും" (വാക്യം 35). നമ്മുടെ തിരഞ്ഞെടു പ്പിൽ ഒന്നുകിൽ ക്ഷമിക്കുക അല്ലെങ്കിൽ പിഴവാങ്ങുക – ദൈവം നമ്മിൽ പകരുവാൻ ആഗ്രഹിക്കുന്ന പിഴയാണ് ക്ഷമാപണം. യാക്കോബ് 2:13–ൽ

യേശുവിന്റെ അർദ്ധസഹോദരൻ ഈ വാക്കു കൾ എഴുതി. “കരുണ കാണിക്കാത്തവന്നു കരുണയില്ലാത്ത ന്യായ വിധി ഉണ്ടാകും. കരുണ ന്യായവിധിയെ ജയിച്ചു പ്രശംസിക്കുന്നു!”

ഈ ഉപമയിൽ നിന്നു ധാരാളം പാഠങ്ങൾ നമുക്കു പഠി ക്കുവാൻ കഴിയും. അവയിൽ ഒന്ന്, ദൈവത്തിന്റെ കൃപ കൂടാതെ പാപിയായ മനുഷ്യർപ്രത്യാശയില്ലാത്തവരാകുന്നു. $10,000,000 കടപ്പെട്ടിരിക്കുന്നതായി പറഞ്ഞിരിക്കുന്നതു നമ്മെ ഓരോരുത്തരേയും ചിത്രീകരിച്ചിരിക്കുന്നതാണ്. നമുക്കു ഒരിക്കലും കൊടുത്തു തീർപ്പാൻ കഴിയാത്ത കടമാണ് ആത്മീകമായി നമുക്കു ള്ളത്. നാമെല്ലാവരും പാപികളാണ് (റോമർ 3:23). പാപത്തിന്റെ ശമ്പളം ഇപ്പോഴും ആത്മീയ മരണമാണ് (റോമർ 6:23). നിർഭാഗ്യ വശാൽ നമ്മിൽ ചിലർ, രാജാവിനോടു യാചിക്കുന്ന മനുഷ്യനോടു തുല്യമായി ചിത്രീകരിക്കാം. “യജമാനനേ, എന്നോടു ക്ഷമ തോ ന്നേണമേ, ഞാൻ സകലവും തന്നുതീർത്തുകൊള്ളാം” (വാക്യം 26). നല്ല ജീവിതം കൊണ്ടോ, അല്ലെങ്കിൽ സൽപ്രവൃത്തി കൊണ്ടോ കടപ്പാട് വീട്ടാമെന്ന് ചിലർ ധരിച്ചു വെച്ചിരിക്കുന്നു. “കുറച്ചു സമയം കൂടെ തന്നാൽ യജമാനനേ ഞാൻ തന്നുതീർത്തു കൊള്ളാം.” ഈ ഉപമ പറയുന്നതു ഒരിക്കലും – നടക്കാൻ പോകുന്നില്ല എന്നാണ്. ദശലക്ഷം വർഷം കിട്ടിയാലും ഒരിക്കലും – സംഭവിക്കാൻ പോകുന്നില്ല, ദൈവം നമുക്കു ചെയ്തതു തിരിച്ചറിഞ്ഞാൽ നാം ദൈവത്തെ അനുമോദിക്കും!

എങ്ങനെയായാലും ഈ ഉപമയിലെ കേന്ദ്രപാഠം ക്ഷമിച്ചു കിട്ടുവാൻ ക്ഷമിക്കണം എന്ന ആവശ്യകതയാണ്. പുതിയ നിയമ ത്തിൽ എന്തെങ്കിലും സ്പഷ്ടമായി പഠിപ്പിച്ചിട്ടുണ്ടെങ്കിൽ. അതു നാം ക്ഷമിക്കപ്പെട്ടതുകൊണ്ട് എപ്പോഴും നാം മറ്റുള്ളവരോട് ക്ഷമി ക്കാൻ തയ്യാറാകണം എന്നതാണ്. പൌലൊസ് എഫെസൊസി ലേയും കൊലൊസ്യയിലേയും സഹോദരന്മാർക്കു എഴുതി:

> എല്ലാ കൈപ്പും കോപവും ക്രോധവും കുറ്റാരവും ദൂഷണവും സകലദുർഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുള്ളവരുമായി ദൈവം ക്രിസ്തു വിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ (എഫെസ്യർ 4:31, 32)

> അന്യോന്യം പൊറുക്കയും ഒരുവനോടു ഒരുവന്നു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്‌വിൻ, കർത്താവു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്‌വിൻ (കൊലോസ്യർ 3:13).

## പാപക്ഷമ ചർച്ച ചെയ്യപ്പെട്ടു

### ക്ഷമിക്കുക എന്നു പറഞ്ഞാൽ എന്താണർത്ഥം

ക്ഷമിക്കുക എന്നുപറഞ്ഞാലെന്താണ്? ചിലപ്പോൾ നമ്മോടു ''ക്ഷമിക്കുകയും മറക്കുകയും'' ചെയ്യാൻ പ്രബോധിപ്പിച്ചിട്ടുണ്ട്. മനുഷ്യമനസിനെക്കുറിച്ചു പഠനം നടത്തിയവർ നമ്മോടു പറയുന്നതു *അക്ഷരികമായി* ''ക്ഷമിക്കുവാനും മറക്കുവാനും'' [8] സാധ്യമല്ല എന്നാണ്. നാം എപ്പോഴെങ്കിലും കണ്ടിട്ടുള്ളതും കേട്ടിട്ടു ള്ളതും അനുഭവിച്ചിട്ടുള്ളതും നമ്മുടെ തലച്ചോറിൽ വലിഞ്ഞു കയറി കിടക്കും. അതു മോശമാക്കേണ്ട കാര്യമില്ല. ദൈവത്തിനു പോലും അക്ഷരികമായി "ക്ഷമിക്കുവാനും മറക്കുവാനും" കഴിയില്ല. അല്ലെങ്കിൽ നമുക്കു ഉല്പ്പത്തിപുസ്തകം കിട്ടുമായിരുന്നില്ല. ഈ പുസ്തകം എഴുതുന്നതിനുമുമ്പ് പാപങ്ങൾ ക്ഷമിച്ചതായി രേഖ പ്പെടുത്തിയിരിക്കുന്നു. ദൈവശ്വാസീയമായി മോശെയ്ക്ക് വിശദ വിവരങ്ങൾ കൊടുത്തില്ലായിരുന്നുവെങ്കിൽ ആയിരക്കണക്കിനു വർഷങ്ങൾക്കുമുൻപ് ചെയ്ത പാപങ്ങൾ മോശെയ്ക്കു അറിയു വാൻ കഴിയുമായിരുന്നില്ല. അനേക വർഷങ്ങൾക്കു മുൻപു തന്നെ ക്ഷമിച്ചതാണെങ്കിലും ദൈവം അവ "ഓർമ്മിച്ചിരുന്നു" . ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നു എന്ന് ബൈബിൾ പറയുമ്പോൾ അവയെ ഓർമ്മിക്കുകയില്ല എന്നു പറയുന്നു (യിരെമ്മ്യാവ് 31:34, എബ്രായർ 8:12). അതിന്റെ അർത്ഥം എന്താണ്? ആ സമയം മുതൽ ആ പാപങ്ങൾ സംഭവിക്കാത്തതു*പോലെയാണ്* ദൈവം നമ്മോടു പെരുമാറുന്നത്. ഒരു എഴുത്തുകാരൻ കുറിച്ചിരിക്കുന്നു:

> ബൈബിളിൽ "മറക്കുക" എന്നു പറഞ്ഞാൽ "സ്വാധീനപ്പെടാതിരി ക്കുക, ബാധിക്കപ്പെടാതിരിക്കുക'' എന്നതാണ്. ''അവരുടെ പാപങ്ങളും അകൃത്യ ങ്ങളും ഞാൻ ഇനി ഓർമ്മിക്കുകയില്ല എന്നു അരുളിച്ചെയ്യുന്നു" (എബ്രായർ 10:17). അവനു സൗകര്യപ്രദമായി ഓർമ്മകുറവുണ്ടെന്നല്ല!അതിന്റെ അർത്ഥം. ദൈവത്തെ സംബന്ധിച്ചു അസാധ്യമാണ്. എന്നാൽ ദൈവം പറയുന്നതു "ഞാൻ അവരുടെ പാപങ്ങൾ ഇനി അവർക്കു എതിരായി കണക്കിടുകയില്ല എന്നാണ്. അല്ലെങ്കിൽ അവ എന്റെ മനോഭാവത്തെ അവർക്കെതിരായി സ്വാധീനിക്കപ്പെ ടുകയില്ല." നാമും അങ്ങനെ ചെയ്യുവാൻ പഠിക്കണം എന്നതാണ് വെല്ലുവിളി.[9]

വർഷങ്ങളായി അവരിലുള്ള കയ്പ് അകറ്റുവാൻ അവരെ സഹായിക്കുന്നതിൽ വർഷങ്ങളായി ഞാൻ ഏർപ്പെട്ടുകൊണ്ടിരി ക്കുന്നു. നിരവധിപേർ അതു സഹായകരമെന്നു തിരിച്ചറിഞ്ഞു. പാപക്ഷമ സംഭവിക്കുന്നതു രണ്ടു വിധത്തിലാണ്.

ഒരു വിധത്തിൽ പാപക്ഷമ *ഉടനേ* സംഭവിക്കുവാൻ ഇടയുണ്ട്. ഈ വിധത്തിലുള്ള പാപക്ഷമയാണ് നമ്മുടെ വേദഭാഗം ഊന്നി പറയുന്നത്. ഹ്രസ്വകാല ക്ഷമാപണത്തിൽ ഉൾപ്പെട്ട മനോഭാവവും പ്രവൃത്തികളും ചിലതു റോമർ 12:18–21 വരെയുള്ള വേദഭാഗത്തു പറയുന്നുണ്ട്:

> കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനം ആയിരിപ്പിൻ. പ്രിയമുള്ളവരെ നിങ്ങൾ തന്നെ പ്രതികാരം ചെയ്യാതെ ദൈവകോപത്തിനു ഇടം കൊടുപ്പിൻ "പ്രതികാരം എനിക്കുള്ളതു; ഞാൻ പകരം ചെയ്യും" എന്നു കർത്താവു അരുൾ ചെയ്യുന്നു, എന്നാൽ "നിന്റെ ശത്രുവിനു വിശക്കുന്നുവെങ്കിൽ അവനു തിന്നാൻ കൊടുക്കുക, ദാഹിക്കുന്നുവെങ്കിൽ അവനു കുടിപ്പാൻ കൊടുക്ക, അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും," തിന്മയെ തിന്മകൊണ്ട് അതിജീവിക്കാതെ, നന്മയാൽ തിന്മയെ ജയിക്കുക.

റോമാലേഖനം 12-ാം അദ്ധ്യായത്തിലെ മുകളിൽ പറഞ്ഞ വാക്കുകളിൽ ഉപസംഹാരമായി ഇതാ ചിലത്:

(1) നാം മറ്റുള്ളവരോടു ക്ഷമിക്കുമ്പോൾ നാം ദൈവം ചെയ്തതു പോലെ ചെയ്യുകയാണ് – അത്തരം കാര്യം സംഭവിച്ചിട്ടില്ലാത്തതു പോലെ നാം അവരോടു പെരുമാറണം. ഈ ആളുകളോടു നാം പ്രായോഗികമായും ബൈബിൾ സംബന്ധമായും ചിലതു ഒഴിവാക്കേണ്ടതുണ്ട്. അങ്ങനെ ഈ തത്വത്തിൽ-കഴിഞ്ഞതൊന്നും തുടർന്നുള്ള നമ്മുടെ ബന്ധത്തിൽ വരാതിരിക്കാൻ നാം പരമാവധി ശ്രമിക്കണം.[10] ആ വ്യക്തികളെ ഒഴിവാക്കുവാൻ നാം ശ്രമിക്കരുത്. അവരോടു സംസാരിക്കുവാൻ നാം മടിക്കരുത്. നമ്മുടെ ബന്ധത്തിൽ കഴിഞ്ഞതൊന്നും കൊണ്ടുവരരുത്. ''അതു നിങ്ങളെ ആശ്രയിച്ചിരിക്കുന്നിടത്തോളം സമാ ധാനമായിരിക്കണം."

(2) നമുക്കു ദോഷം ചെയ്തവരോടു നാം ക്ഷമിക്കുമ്പോൾ നാം പ്രതികാരം ചെയ്യാതെ അതു പരിഹരിക്കയാണ് ചെയ്യുന്നത്. ഇതിൽ നാം അവരെക്കുറിച്ചു മറ്റുള്ളവരോടു പറയുന്നതും ഉൾപ്പെടുന്നു. നമ്മെ വൃണപ്പെടുത്തിയവരോട് "അടുക്കുവാൻ" ശ്രമിക്കുന്നില്ല. നാം അതു ദൈവകരങ്ങളിൽ ഏല്പിക്കണം. "പ്രതികാരം എനിക്കുള്ളതു ഞാൻ പ്രതികാരം ചെയ്യും എന്നു എഴുതപ്പെട്ടിരിക്കകൊണ്ടു നിങ്ങൾ തന്നെ ഒരിക്കലും പ്രതികാരം നടത്തരുത് ..."

(3) നാം മറ്റുള്ളവരോടു ക്ഷമിക്കുമ്പോൾ നാം ക്ഷമിക്കുന്ന വരുടെ "ഏറ്റവും നല്ലതു" നോക്കുന്നവരായി അവരുടെ അഭ്യുദയ കാംക്ഷി ആകും. അഗാപെ (ദൈവിക സ്നേഹം) എന്ന അത്യാവശ്യമായ ഭാഗമാണിത്. അത് എല്ലാമനുഷ്യരോടും പ്രകടിപ്പിക്കേണ്ടതുമാണ്. "എന്നാൽ നിന്റെ ശത്രുവിനു വിശക്കുന്നു എങ്കിൽ തിന്മാൻ കൊടുക്ക,

ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക."

(4) നാം മറ്റുള്ളവരോടു ക്ഷമിക്കുമ്പോൾ നമ്മുടെ ഹൃദ യങ്ങളിൽ നിന്നു കയ്പ്പും കഠിന വിദ്വേഷവും വേരോടെ പിഴുതെടുക്കുകയാണ് "തിന്മയെ തിന്മകൊണ്ട് അതിജീവിക്കരുത്, തിന്മയെ നന്മകൊണ്ട് അതിജീവിക്കുക."

ആ അവസാന നിർദ്ദേശം ദീർഘകാല ക്ഷമയെ നാം പരി ഗണിക്കേണ്ടതാണെന്നു കാണിക്കുന്നു. നാം ഉടനെ ക്ഷമിച്ചാൽ പോ ലും നമ്മെ ഉപദ്രവിച്ചവരോടു മോശമായ ചിന്ത നമ്മിൽ പോരാ ടിക്കൊണ്ടിരിക്കും. വീണ്ടും അവരെ കാണുമ്പോൾ ഒരു അസഹ്യത അനുഭവപ്പെടും. *ദീർഘകാല ക്ഷമാപണം* എന്നതു വളരെക്കാലം കൊണ്ടു പുറത്തെടുക്കുന്ന പ്രവണത പോലെയാണ്. അത്യന്ത വർഷങ്ങൾ ചിലപ്പോൾ ആയുഷ്ക്കാലം തന്നെ വേണ്ടി വരും.

ദീർഘകാല ക്ഷമാപണത്തിനു മുഖ്യമായി രണ്ടു കാര്യങ്ങ ളാണുള്ളത്. ആദ്യമായി അതു പരിഹരിക്കാനായി പ്രവർത്തിക്കുന്നതു നിർത്തുകയില്ല എന്നു തീരുമാനിക്കുക. ഒന്നും സംഭവച്ചിട്ടില്ലാത്തതു പോലെ ക്ഷമിച്ചവരോടു പെരുമാറുവാൻ തുടർന്നു ശ്രമിക്കണം. നമ്മുടെ ആന്തരികമായ വികാരങ്ങളെ ശരിയാക്കുന്ന തിൽ നാം തുടർന്നു പ്രവർത്തിച്ചു കൊണ്ടിരിക്കണം. അതൊരു പഴകിയ പഴഞ്ചൊല്ലു പോലെയാണ്. കാലത്തിനു ആ മുറിവുണ ക്കാൻ കഴിയും.

മുഖ്യമായ രണ്ടാമത്തെ കാര്യം പ്രാർത്ഥനയ്ക്കായി അധികം സമയം ചിലവിടണം "ദൈവത്തിനു സകലവും സാദ്ധ്യമെന്ന" കാര്യം നാം ഓർക്കണം (മത്തായി 19:26). നമ്മെ വേദനിപ്പിച്ചവർക്കു വേണ്ടി – നാം നിരന്തരമായി പ്രാർത്ഥിക്കണം. യേശു ക്രൂശിൽ പ്രാർത്ഥിച്ചതു പോലെ, "പിതാവേ ഇവർ ചെയ്യുന്നതു എന്തെന്നു അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ" (ലൂക്കോസ് 23:34). ഒരു വ്യക്തിക്കു ഒരാളോടു വെറുപ്പു വച്ചു കൊണ്ടു നിരന്തരമായി പ്രാർത്ഥിപ്പാൻ വളരെ പ്രയാസമാണ്.

ദുരിതാനുഭവങ്ങൾ നമ്മുടെ ചിന്തയെ കീഴ്പ്പെടുത്തു മ്പോൾ ദീർഘകാലക്ഷമ നാം വളർത്തി എടുക്കുകയാണെങ്കിൽ അവ നമ്മുടെ ഓർമ്മയിൽ മങ്ങി തുടങ്ങും. പാപക്ഷമാപണ പ്രക്രിയ പൂർണ്ണമാകുന്നതു *വേദനയില്ലാതെ ആ സംഭവങ്ങളെ ഓർ ക്കുമ്പോഴാണ്.* നാം ജീവിതത്തിൽ ഈ ഘട്ടത്തിൽ എത്തുവാനും എത്താതിരിക്കുവാനും സാധ്യതയുണ്ട്. അതിനു കഴിഞ്ഞാൽ അതൊരു വലിയ അനുഭൂതി തന്നെയായിരിക്കും! നമ്മുടെ ക്രിസ്തീയ നടപ്പിൽ ഒരു പുതിയ പക്വത വളർത്തി എടുക്കാൻ നമ്മെ സഹായിച്ച ദൈവത്തിനു നമുക്കു നന്ദി ചെലുത്താം!

**പാപക്ഷമാപണം നമുക്കുവേണ്ടി എന്തു ചെയ്യും**

നാം പാപക്ഷമാപണ സ്വഭാവത്തിലാകുമ്പോൾ പാപക്ഷമാ പണം

ക്ഷമിക്കപ്പെടുന്ന വ്യക്തിയേക്കാൾ ക്ഷമിക്കുന്ന വ്യക്തി ക്കാണു കൂടുതൽ ലഭിക്കുന്നതെന്നു കണ്ടെത്താൻ കഴിയും. നാം ക്ഷമിച്ചില്ലെങ്കിൽ കയ്പ്പു നമ്മുടെ ഹൃദയത്തിനുള്ളിൽ വളർന്നു കൊണ്ടിരിക്കും ഈ തെറ്റിനെതിരായി എബ്രായർ 12:15 മുന്നറിയി ക്കുന്നത് "ആരും ദൈവത്തെ വിട്ടു വല്ല കയ്പുള്ള വേരും മുളച്ചു കലക്ക മുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും ചെയ്തിരിക്കുന്നു."

വീണ്ടും, പാപക്ഷമാപണം നമ്മെ സ്വതന്ത്രരാക്കും. നമ്മുടെ ആത്മാക്കളെ തിന്നുവാൻ വൈരത്തെ നാം അനുവദിച്ചാൽ അതിനെക്കുറിച്ചു പകൽ മുഴുവനും ചിന്തിച്ചു രാത്രിയിൽ ഉറക്കാത്ത, ബദ്ധ വൈരത്തെ നമ്മുടെ ജീവിതത്തെ നിയന്ത്രിക്കാൻ നാം അനുവദിക്കുന്നു. കയ്പ്പു ഹൃദയത്തിൽ സൂക്ഷിക്കുന്നതു മറ്റു ള്ളവർക്കു ദോഷമല്ല; അതു നമുക്കാണ് ദോഷമാകുന്നത്. നമ്മെ ഉപദ്രവിച്ചവരോടു ക്ഷമിക്കുന്നത് നമ്മുടെ വെറുപ്പെന്ന ഭാരത്തെ എറിഞ്ഞു കളയുന്നതാണ്. ആ നീരസം എന്ന ബന്ധനം നാം നമ്മിൽ നിന്നു നീക്കി ജീവിതത്തെ സ്വതന്ത്രമാക്കണം![11]

നാം ക്ഷമിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു ക്ഷമിക്കുവാൻ യേശു കല്പിച്ചിരിക്കുന്നതിൽ അതിശയം ഒന്നുമില്ല! പാപക്ഷമാ പണം നമ്മെ ആത്മീയമായി, വൈകാരികമായി, ശാരീരികമായി സഹായിക്കുന്നു. ഒരു എഴുത്തുകാരൻ എഴുതി:

> ദൈവം നമ്മോട് അന്യോന്യം ക്ഷമിക്കുവാൻ കൽപ്പിച്ചിരിക്കുന്നു. അത് സമാധാനം കാത്തു സൂക്ഷിക്കുന്നതിനുള്ള ചട്ടമോ വിധിയോ ആയിട്ടല്ല; നമ്മുടെ തന്നെ ഗുണത്തിനു വേണ്ടിയാണ്. നീരസവും വെറുപ്പും വെച്ചുകൊണ്ടി രിക്കുന്നത് നമ്മുടെ വൈകാരികവും ശാരീരികവുമായ ആരോഗ്യത്തെ നശിപ്പിക്കും. ഉറ്റബന്ധങ്ങൾ ഉണ്ടാക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള നമ്മുടെ കഴിവിനെ അത് പ്രതികൂലമായി ബാധിക്കും. അതു കുട്ടികളെ ശരിയായി വളർ ത്തുന്നതിലും ഒരു ജോലി കാത്തുസൂക്ഷിക്കുന്നതിലും കഴിയാതാക്കും. അതു ആരോഗ്യത്തെയും സന്തോഷത്തേയും നശിപ്പിക്കും. അനാരോഗ്യകരമായ വെറുപ്പും വിദ്വേഷവും വെച്ചുകൊണ്ടിരുന്നാൽ അതോടൊപ്പം സന്തോഷവും ആരോ ഗ്യവും യോജിച്ചു പോകില്ല. മറിച്ചു വാസ്തവത്തിലുള്ള ക്ഷമാപണം ദൈവ ത്തിന്റെ നിത്യവാഗ്ദാനം വലിയ സന്തോഷത്തോടും സംതൃപ്താവസ്ഥയോടും കൂടെയായിരിക്കും. കൂടാതെ അതു സ്വതന്ത്രമായി ഒഴുകുന്ന സന്തോഷം, സമാ ധാനം, ഐകൃത എന്നിവയുടെ ഉറവയാണ്.[12]

## ഉപസംഹാരം

കഴിവതും ഈ പാഠം നമുക്കു പ്രായോഗികമാക്കാം. ആരോടു ക്ഷമിക്കുവാനാണ് ദൈവം നിങ്ങളിൽ നിന്നു പ്രതീക്ഷിക്കുന്നത്? കഴിഞ്ഞ കാലത്തിൽ നിങ്ങളെ വേദനിപ്പിച്ച വ്യക്തിയോടാണോ? ആ വ്യക്തിയോട് ഇപ്പോഴും നിങ്ങൾ ഹൃദയത്തിൽ മോശമായ വികാരം സൂക്ഷിക്കുന്നുണ്ടോ? നിങ്ങളുടെ ഹൃദയത്തിൽ അയാളോട് ക്ഷമിച്ചിട്ടുണ്ടോ? നിങ്ങൾ അതു ക്ഷമിച്ചു എങ്കിൽ കഴിഞ്ഞ കാല വിരോധങ്ങൾ നിങ്ങളുടെ ബന്ധത്തെ സ്വാധീനിക്കാതിരി ക്കാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ? നിങ്ങൾ തുടർന്നും നിങ്ങളുടെ മനോഭാവത്തെ വളർത്തിയെടുക്കാൻ പ്രവർത്തിക്കുന്നുണ്ടോ? നിങ്ങളെ വേദനിപ്പിച്ച ആൾക്കുവേണ്ടി നിങ്ങൾ ദിവസവും പ്രാർ ത്ഥിക്കാറുണ്ടോ?

പാപക്ഷമാപണത്തിനു പകരം കൈപ്പാണ് നിങ്ങളുടെ ഹൃദ യത്തിൽ കാണുന്നതെങ്കിൽ. നിങ്ങൾ ആ വ്യക്തിയോടു ക്ഷമിക്കു ന്നതിനുള്ള വഴി കണ്ടെത്തുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. ഈ പഠനത്തിൽ നിന്നുള്ള രണ്ടു മുഖ്യപാഠങ്ങൾ ഓർമ്മിക്കുക. (1) നമ്മോടു നമ്മുടെ $10,000,000 പാപം ക്ഷമിച്ചിരിക്കുന്നു. അതു കൊണ്ടു നാം മറ്റുള്ളവരുടെ $18 പാപം ക്ഷമിക്കണം (2) നാം ക്ഷമിച്ചില്ലെങ്കിൽ നമ്മോടും ക്ഷമിക്കില്ല.

ദൈവമേ ഞങ്ങളെ ക്ഷമിക്കുവാൻ പഠിപ്പിക്കേണമേ!

## ഉപദേഷ്ടാക്കന്മാർക്കും പഠിപ്പിക്കുന്നവർക്കും ഉള്ള കുറിപ്പുകൾ

നിങ്ങൾ ഈ പാഠം ഒരു ക്ലാസ്സിൽ പഠിപ്പിക്കുവാൻ ഉപയോ ഗിക്കുകയാണെങ്കിൽ നിങ്ങൾക്കു 18-ാംഅദ്ധ്യായത്തിലെ ശേഷം ഭാഗത്ത് യേശു പാപക്ഷമാപണത്തെ പറ്റി പഠിപ്പിക്കുന്നതു കൂടെ ചേർത്തു പഠിപ്പിക്കാം. തെറ്റിലകപ്പെട്ട ക്രിസ്ത്യാനിയെ യഥാസ്ഥാ നപ്പെടുത്തേണ്ട എന്നോ, ആവശ്യമെങ്കിൽ അച്ചടക്കം വരുത്തേണ്ട എന്നോ, വാക്യം 21 മുതൽ 35 വരെയുള്ള ഭാഗം അർത്ഥമാക്കുന്നില്ല (വാക്യം 15-21). മറിച്ചു അവ പഠിപ്പിക്കുന്നതു; (1) സഭയുടെ അച്ചടക്കം ഒരിക്കലും ഒരു വ്യക്തിപരമായ കുടിപ്പകയാക്കരുത്. (2) നാം അച്ചടക്കം വരുത്തിയവർക്കെതിരെ നമ്മുടെ ഹൃദയങ്ങളിൽ വൈരം വെച്ചുകൊണ്ടിരിക്കരുത്; (3) സ്നേഹത്തിന്റേയും പാപ ക്ഷമാപണത്തിന്റേയും അന്തരീക്ഷമാണ് സഭയിൽ നടപ്പാക്കേണ്ടത്.

“ഒരു വ്യക്തി അയാൾ തെറ്റു ചെയ്തിട്ടു മാനസാന്തരപ്പെടുന്നു എന്നു പറയാതെ നമുക്കു വാസ്തവത്തിൽ അയാളോടു ക്ഷമിക്കുവാൻ കഴിയുമോ” എന്ന ചർച്ചാവിഷയം പലപ്പോഴായി നടന്നിട്ടുള്ളതാണ്. അതുകൊണ്ടു മനഃപ്പൂർവ്വമായി ഞാൻ അതിൽ നിന്നു വഴിമാറി സഞ്ചരിച്ചു. അതിന്റെ സൂചന (നാം ക്ഷമ ചോദിക്കേണ്ട എന്നാണോ?) ഈ ചർച്ച യേശുവിന്റെ - ലൂക്കൊസ് 17:4 ലെഒരു പ്രസ്താവനയെ

ആസ്പദമാക്കിയുള്ളതാണ്. ഒരാൾ മാനസാന്തരപ്പെടാതെ ദൈവം ക്ഷമിക്കാത്തതിനാൽ മാനസാന്തരപ്പെടാത്തവരോടു നാം ക്ഷമിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല എന്നതാണ് അവർ എടുക്കുന്ന പോയിന്റ്. ഈ ചർച്ചയിൽ എനിക്കു കണ്ടെ ത്താൻ കഴിഞ്ഞതു ഞാൻ ദൈവം അല്ല എന്നതാണ്. "ഞാൻ മാനസാന്തരപ്പെടുന്നു" എന്ന് ആരെങ്കിലും പറയുമ്പോൾ അയാൾ മാനസാന്തരപ്പെട്ടോ ഇല്ലയോ എന്ന് നമുക്കെങ്ങനെ അറിയാം? ഒരാൾ എന്നോടു ക്ഷമ ആവശ്യപ്പെടുമ്പോൾ അയാൾ എത്രമാത്രം ആത്മാ ർത്ഥതയുള്ള വ്യക്തിയാണെന്നു എനിക്കറിഞ്ഞു കൂടാ. വാസ്ത വത്തിൽ ഒരാൾ ഒരു ദിവസം *ഏഴു പ്രാവശ്യം വേദനിപ്പിച്ചിട്ട്* (ലൂക്കൊസ് 17:4) ഓരോ പ്രാവശ്യവും വന്നു ''ഞാൻ മാനസാന്തരപ്പെടുന്നു'' എന്നു പറയുന്നു. മൂന്നാമത്തെ പ്രാവശ്യം വന്നു പറയുമ്പോൾ അയാളുടെ ആത്മാർത്ഥതയെ ഞാൻ സംശയിച്ചുപോകും! അല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ ഞാൻ വിചാരിക്കുന്നില്ല, യേശു ഒരു മനുഷ്യന്റെ മാനസാന്തരത്തിനു ഊന്നൽ കൊടുക്കുന്നതു എത്ര മാത്രമോ അത്രയും ഊന്നൽ ഒരാളുടെ പാപം ക്ഷമിച്ചുകൊ ടുക്കാതിരിക്കാൻ നമുക്കു അവകാശമില്ല എന്നതിനാണ്.

ഈ ചർച്ച ഞാൻ ഒഴിവാക്കിയതിന്റെ കാരണം "ഔപചാരികമായ പാപക്ഷമാപണാഘോഷത്തെക്കുറിച്ചല്ല'' ഞാൻ ചിന്തിക്കുന്നത്. ("എന്നോട് ക്ഷമിക്കണം, ദയവായി ക്ഷമിക്കണം ..." "നിങ്ങളോടു ക്ഷമിച്ചിരിക്കുന്നു'') ഞാൻനമ്മുടെഹൃദയങ്ങളുടെ അവസ്ഥയെക്കുറിച്ചാണ് ചിന്തിക്കുന്നത്. യേശു ക്ഷമിച്ചുകൊടു ക്കാത്ത ദാസന്റെ ഉപമ പറഞ്ഞ് അവസാനിപ്പിക്കുന്നത്, "നിങ്ങൾ ഓരോരുത്തൻ സഹോദരനോടു *ഹൃദയപൂർവ്വം* ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവു അങ്ങനെ തന്നെ നിങ്ങളോടു ചെയ്യും." (എംഫസിസ് മൈൻ) യേശു പ്രാർത്ഥിക്കുമ്പോൾ "പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്ക കൊണ്ടു ഇവരോടു ക്ഷമിക്കേണമേ" എന്നു പറഞ്ഞു (ലൂക്കൊസ് 23:34) അവനെ ക്രൂശിക്കുന്ന കുറ്റം അവരോട് തൽക്ഷണം തന്നെ ക്ഷമിച്ച സൂചനയല്ല കർത്താവിന്റെ വാക്കുകൾ നല്കുന്നതു. അമ്പതു ദിവസങ്ങൾക്കുശേഷം പത്രോസ് ഇതേ കുറ്റം അവരിൽ ഉണർത്തിക്കുന്നുണ്ട് (പ്രവർത്തി 2:23). മറിച്ച് യേശു സൂചിപ്പിച്ചതു തന്റെ ഹൃദയത്തിൽ അവർക്കെ തിരായി കയ്പ്പു സൂക്ഷിച്ചിട്ടില്ല എന്നതാണ് പ്രധാനം!

"അവർ മാനസാന്തരപ്പെടാതെ നാം എങ്ങനെ ക്ഷമിക്കുമെന്ന്?" ഈ വിഷയത്തെ ക്കുറിച്ചുള്ള ചർച്ച വായിക്കുമ്പോഴെല്ലാം, നാം ഔപചാരികമായി ആരോടെങ്കിലും ''ക്ഷമിക്കുന്നു'' എന്നു പറഞ്ഞില്ലെങ്കിലും നമ്മുടെ ഹൃദയത്തിൽ കയ്പ്പു വെച്ചുകൊണ്ടിരി ക്കരുത് എന്നു എഴുത്തുകാരൻ അതിൽ പറയുന്നുവോ എന്നു ഞാൻ പരിശോധിക്കാറുണ്ട്. നമുക്ക് എപ്പോഴും ഹൃദയത്തിൽ വെറുപ്പ്

സൂക്ഷിക്കാവുന്നതല്ല. അദ്ദേഹം ഈ വസ്തുതയ്ക്ക് ഊന്നൽ കൊടുത്ത് സംസാരിക്കുന്നു എങ്കിൽ എനിക്കു യാതൊരു വിരോധവുമില്ല.

---

കുറിപ്പുകൾ

[1]എഡ്റെഡ് എക്കോൾസിന്റെ ഡ്സ്കവറിങ്ങ് ദി പേൾ ഓഫ് ഗ്രെയിറ്റ് പ്രൈസ് (ഫോർട്ട് വർത്ത്, ടെക്സാസ്, സ്വീറ്റ് പബ്ലിഷിംഗ് കമ്പനി. 1992), 43. [2]അവരുടെ ഉപദേശത്തിനു അടിസ്ഥാനമാക്കിയതു ആമോസ് 1ഉം 2ഉം ആണ്. വിവിധ ദേശങ്ങളോടു ദൈവം ക്ഷമിക്കുന്നതു മൂന്നു ലംഘനങ്ങളെയാണെന്നാണ് അവർ കണ്ടെത്തിയത്. നാലാമത്തെ പാപം ചെയ്യുമ്പോൾ ദൈവകോപം അവരിൽ പകരും (ആമോസ് 1:3 മുതലായവ). ദൈവം മനുഷ്യരിൽ നിന്നും അതിൽ കൂടുതൽ പ്രതീക്ഷിക്കുന്നില്ല. [3]ചില പുരാതന കയ്യെഴുത്തുപ്രതികളിൽ "എഴുപതു ഏഴ്" എന്നാണ് (NIV). ഉല്പത്തി 4:24 അതേ പ്രശ്നം പ്രയോഗം നടത്തുന്നു. കൃത്യസംഖ്യ അപ്രധാനമാണ്. അതിശയോക്തി - കലർത്തിയ സംഖ്യയാണ് യേശു ഉപയോഗിച്ചത്. 77ഓ-490ഓ എന്നതു ക്ഷമക്കു പരിധിയില്ല എന്നു അവരെ പഠിപ്പിക്കുവാനായിരുന്നു. [4]നൂറു വർഷങ്ങൾക്കുമുൻപു എല്ലാറ്റിനും വില കുറഞ്ഞിരുന്ന കാലത്തെ സംഖ്യ ചില ആളുകൾ അക്ഷരീകമായി എടുത്തിരിക്കുന്നതാണ് പ്രശ്നം. [5]പാലസ്തീനിൽ നിന്നും പിരിച്ചിരുന്ന മൊത്ത നികുതി വർഷത്തിൽ എണ്ണൂറു താലന്ത് ആയിരുന്നു. ശരാശരി ജോലിക്കാരൻ ഇരുപതു വർഷം ജോലിചെയ്താലേ ഒരു താലന്തു സമ്പാദിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. ദാവീദും രാജകുമാരിയും അതിന്റെ രണ്ടിരട്ടിയിൽ അല്പം കൂടുതലായിരുന്നു ദേവാലയം പണിക്കു ചെലവിട്ടത് (1 ദിനവൃത്താന്തം 29:4-7). ഇന്നത്തെ നിലവാരമനുസരിച്ച് പതിനായിരം താലന്തു എന്നു പറയുന്നതു നൂറുകോടിയിലധികം രൂപ വരും! [6]ഇതു ചെയ്യുവാൻ ആ മനുഷ്യനു നിയമപരമായി അവകാശമുണ്ട് - എന്നാൽ ധാർമ്മികമായിട്ടില്ല. പ്രത്യേകിച്ചു അവനോടു കരുണ കാണിച്ചതുകൊണ്ട്. [7]KJV ഈ പദം ഉപയോഗിച്ചിരിക്കുന്നതു മറ്റു തർജ്ജിമയേക്കാൾ "കാരാഗൃഹപ്രമാണിമാർ" നല്ലത്. [8]ദൈവം സർവ്വജ്ഞാനിയാണ്. അവനു എല്ലാം അറിയാം. അതിൽ ക്ഷമിക്കപ്പെട്ട പാപങ്ങളും പെടുന്നു. [9]വാറെൻ ഡബ്ലിയു വിയേഴ്സ്ബേ, *ദി ബൈബിൾ എക്സ്പോസിറ്ററി കമെന്ററി,* വാല്യം-2, (വീറ്റൺ, കകക: വിക്ടർ ബുക്സ്, 1989), 89. [10]ഒരാൾ നിങ്ങളിൽ നിന്നു മോഷ്ടിച്ചെടുത്താൽ പോലും അയാളെ പെട്ടെന്നു നിങ്ങളുടെ സമ്പത്തു കൈകാര്യം ചെയ്യിക്കുവാൻ അയാളെ ഉടനെ ആക്കുവാൻ സാമാന്യബുദ്ധി അനുവദിക്കില്ല. ഒരു സ്ത്രീ നിങ്ങളുടെ കുട്ടിയെ ചിത്തവിളിച്ചു എങ്കിൽ, ഉടനെ അവരെ നിങ്ങളുടെ കുട്ടിയെ നോക്കാൻ ആക്കുകയില്ല. ബൈബിൾ ഒഴിവുകളെക്കുറിച്ചു ഒരുദാഹരണം മതി. അവിശ്വാസിയായി പോയ തുണ നിങ്ങളുടെ അടുക്കൽ മടങ്ങിവരുന്നു എങ്കിൽ നിങ്ങൾ അവനോടോ അവളോടോ ക്ഷമിക്കണം. ഇതിനർത്ഥം ആ ഭർത്താവിനോടോ ഭാര്യയോടോ ഒത്ത് ഒന്നും സംഭവിക്കാത്തതുപോലെ - ജീവിക്കണം എന്നല്ല (മത്തായി 19:3-9). അത്തരം കാര്യങ്ങൾ നിയമങ്ങളിൽ ഒഴിവുകഴിവുകളാണ്. എന്റെ അനുഭവത്തിൽ മിക്കവാറും ഇതിലെല്ലാം മുറിവേല്ക്കുന്നതു മനസിനാണ്. അതിനു ഒഴിവു ബാധകമല്ല.

[11]അടുത്ത സമയത്തു തുണ ഉപേക്ഷിച്ചു പോയ ഒരാളുടെ കാര്യത്തിൽ മുഖ്യമായി പഠിക്കേണ്ട പാഠമാണിത്. തുണ മരിച്ചുപോയാലും ഈ തത്വം എടുക്കാം. അനേകം കുട്ടികളെ ചീത്ത വിളിച്ചവർ ഒരുപക്ഷേ മരിച്ചുകാണും - ഇവയിൽ നിന്നും അവർക്കു സമാധാനം കിട്ടണമെങ്കിൽ അവ ക്ഷമിക്കുവാനുള്ള വഴി കണ്ടെത്തണം - തന്റെ വേദനയും ദുഃഖവും കാണിച്ച് ക്ഷമിക്കുവാൻ തുറന്ന മനസോടെ മരിച്ചവർക്കു ഒരു കത്തെഴുതണം. [12]എക്കോൾസ് 49.